പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3631 20/06/2019-ൽ മറുപടിക്ക്

## സ്പൈനൽ മസ്കുലാർ അട്രോഫി രോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) | |
| എ) | പേശികളെ ദുർബലമാക്കുന്ന അപൂർവ രോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി രോഗബാധിതർ സംസ്ഥാനത്ത് എത്രപേരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) യും ബി) യും | ഇത്തരത്തിലുള്ള പരിശോധനയും കണക്കെടുപ്പും ഇതേ വരെ നടന്നിട്ടില്ല എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത് . |
| ബി) | ഇത്തരത്തിൽ പരിശോധനയും കണക്കെടുപ്പും ഇതുവരെ നടന്നിട്ടില്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ വിവരശേഖരണത്തിന് നടപടികൾ സ്വീകരിക്കുമോ; | | |
| സി) | ഞരമ്പുകളെ പ്രവർത്തിപ്പിക്കുന്ന ജീനിന്റെ അഭാവത്തിൽ ഉണ്ടാകുന്ന പ്രസ്തുത രോഗത്തിന് വിദേശത്ത് ഫലപ്രദമായ മരുന്ന് കണ്ടെത്തിയിട്ടുണ്ടെന്നത് ശരിയാണോ; | സി) യും ഡി ) യും ഇ) യും | ഒരു പാരമ്പര്യ രോഗമായതിനാൽ കൃത്യമായി ഈ രോഗം പിടിച്ച നിറുത്തുന്നതിനാവശ്യമായ മരുന്നുകളില്ല. എന്നാൽ ബന്ധപ്പെട്ട ജീനിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന ഒരു മരുന്ന് വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. Nusinersen എന്ന ഈ മരുന്ന് അമേരിക്കയിൽ ആണ് കണ്ടുപിടിച്ചത്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷനും, യൂറോപ്യൻ മെഡിസിൻ ഏജൻസിയും ഈ മരുന്ന് വില്പനക്ക് അംഗീകാരം |
| ഡി) | എങ്കിൽ ഈ മരുന്നിന് ഇന്ത്യയിൽ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും ഇത് സ്പൈനൽ മസ്കുലാർ | | |

| | | | |
|---|---|---|---|
| | അട്രോഫി രോഗത്തിന് നൽകാവുന്നതാണോ എന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | | കൊടുത്തിട്ടുണ്ട്. ENDEAR, CHERISH മുതലായ ട്രയലുകളിൽ മസിലുകളുടെ ശക്തിയിൽ കുറച്ച് മെച്ചപ്പെടൽ വന്നതായി കണ്ടിട്ടുണ്ട്. ഇന്ത്യയിൽ നടത്തിയ ട്രയലുകളിൽ വ്യക്തമായ ഒരു പ്രയോജനം കണ്ടതായി അറിയില്ല. ഈ മരുന്നിനു ഇന്ത്യയിൽ അനുമതി ലഭിച്ചിട്ടില്ല. ഈ മരുന്നിനെ കുറിച്ച് കേരളത്തിൽ ഡ്രഗ് ട്രയൽ നടത്തിയിട്ടില്ല. ഈ ചികിത്സക്ക് വേണ്ടി വരുന്ന ചെലവ് അതിഭീമമാണ്. പ്രതിവർഷം ഏകദേശം 5 കോടി രൂപ ചികിത്സ ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇത് ആജീവനാന്ത (Life long ) ചികിത്സ ആവശ്യമായി വരുന്നതാണ്. |
| ഇ) | വിദേശത്ത് ഏത് രാജ്യത്താണ് മരുന്ന് കണ്ടുപിടിച്ചതെന്നും ഇത് കഴിച്ച എത്ര രോഗികൾ ആരോഗ്യകരമായ ജീവിതത്തിലേക്ക് തിരിച്ചുവന്നിട്ടുണ്ടെന്നും എത്ര കാലം ചികിൽസ വേണ്ടിവരുമെന്നും എത്ര രൂപ ചെലവ് വരുമെന്നും ഈ മരുന്ന് സൗജന്യമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ